Janayugom 11-08-18, P-12

# നാളികേരത്തെ സമ്പദ്‌വ്യവസ്ഥയിൽ ഗണ്യമായ പങ്കു വഹിക്കുന്ന വിളയാക്കും: കൃഷിമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്ത് കോക്കനട്ട് മിഷൻ രൂപീകരിച്ചതിന്റെ ഭാഗമായി പത്തു വർഷം നീണ്ടു നിൽക്കുന്ന സമഗ്ര വികസന പരിപാടികളാണ് മൂന്നു ഘട്ടങ്ങളിലായി ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് കൃഷിമന്ത്രി അഡ്വ. വി എസ് സുനിൽകുമാർ. ഹ്രസ്വകാല പദ്ധതികൾ, ഇടക്കാല പദ്ധതികൾ, ദീർഘകാല പദ്ധതികൾ തുടങ്ങി മൂന്നു ഘട്ടങ്ങളുള്ള പദ്ധതിക്ക് 1,200 കോടി രൂപ വിവിധ സ്ഥാപനങ്ങളിലൂടെ പദ്ധതി നടത്തിപ്പിനായി വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നു. 2028 ആകുമ്പോഴേക്കും നമ്മുടെ സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ പങ്കുവഹിക്കുന്ന വിളയാക്കി നാളികേരത്തെ മാറ്റുകയാണ് ഉദ്ദേശ്യമെന്നും മന്ത്രി പറഞ്ഞു.

തിരുവനന്തപുരം ബാലരാമപുരത്തെ തെങ്ങുഗവേഷണ കേന്ദ്രത്തിൽ പുതുതായി ആരംഭിച്ച വിജ്ഞാന-വ്യാപന വിപണന കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൃഷിവകുപ്പ്, കാർഷിക യൂണിവേഴ്സിറ്റി, നാളികേര വികസന കോർപ്പറേഷൻ, സിപിസിആർഐ എന്നിവയുടെ സംയുക്ത സഹകരണത്തോടെയാണ് കോക്കനട്ട് മിഷൻ പ്രവർത്തനമാരംഭിക്കുക. നാളികേരത്തിന്റെ വിസ്തൃതി നിലവിലെ 7.5 ലക്ഷം ഹെക്ടറിൽ നിന്നും 10 ലക്ഷം ഹെക്ടറിലേക്കും ഉത്പാദനക്ഷമത 7,500 നാളികേരത്തിൽ നിന്നും 10,000 ആക്കി ഉയർത്തുകയും ചെയ്യുകയുമാണ് ലക്ഷ്യം. ഡിസംബർ 6-10 വരെ കേന്ദ്രവിപണിയുമായി സംയോജിപ്പിച്ച് നടത്തുന്ന വൈഗ-2018-ൽ ഒരു പ്രധാന വിഷയം നാളികേരാധിഷ്ഠിത മൂല്യവർധനവായിരിക്കും.

സെപ്തംബർ ഏഴ് മുതൽ ഒൻപത് വരെ കൃഷിവകുപ്പ്, വ്യവസായ വകുപ്പ്, പ്ലാനിംഗ് ബോർഡ് എന്നിവയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര നാളികേര ശില്പശാല കോഴിക്കോട് വച്ച് നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. എഴുപതോളം മൂല്യവർധിത ഉത്പന്നങ്ങൾ കേരളത്തിൽ നിന്നും സാധ്യമാണ്. ഈ രംഗത്തെ പല രാജ്യങ്ങളിൽ നിന്നുമുള്ള വിദഗ്ദ്ധർ ശില്പശാലയിൽ പങ്കാളികളാവുന്നതായിരിക്കുമെന്നും മന്ത്രി പറഞ്ഞു.

എംഎൽഎ അഡ്വ. എം വിൻസെന്റ് അധ്യക്ഷനായി. ദക്ഷിണ മേഖലാ ഗവേഷണകേന്ദ്രം മേധാവി ഉമാമഹേശ്വരൻ ചടങ്ങിന് സ്വാഗതം പറഞ്ഞു. സർവകലാശാല ഗവേഷണ വിഭാഗം മേധാവി ഡോ. പി ഇന്ദിരാദേവി മുഖ്യപ്രഭാഷണം നടത്തി. വിജ്ഞാന-വ്യാപന-വിപണന കേന്ദ്രത്തിന്റെ ലഘുലേഖാ പ്രകാശനം വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. ജിജു പി അലക്സ് നിർവഹിച്ചു. ചടങ്ങിൽ ഡോ. സി സീമ, ഡോ. തോമസ് ജോർജ്ജ്, ഡോ. എൻ വി രാധാകൃഷ്ണൻ, കോട്ടുകാൽ പഞ്ചായത്ത് പ്രസിഡന്റ് ടി സജി, വാർഡ് മെമ്പർ എ ഒ സുജകുമാരി എന്നിവർ സംസാരിച്ചു.